## രക്തസാക്ഷ്യം-മഹാത്മാ സംഗമം




# നവോത്ഥാനത്തിന് തുടർച്ചയുണ്ടാകണം: സ്പീക്കർ

**തിരുവനന്തപുരം**

ഇന്നലെകളിലെ ഓർമകളെക്കുറിച്ച് അയവിറക്കി ആസ്വദിക്കാനുള്ള ഒന്നുമാത്രമല്ല നവോത്ഥാനമെന്നും അതിന് തുടർച്ചയുണ്ടാകണമെന്നും സ്പീക്കർ പി ശ്രീരാമകൃഷ്ണൻ പറഞ്ഞു. ഗാന്ധിജി കേരളം സന്ദർശിച്ച വേളയിൽ വെങ്ങാനൂരിലെത്തി അയ്യൻകാളിയെ സന്ദർശിച്ചതിന്റെ 82ാം വാർഷികാഘോഷം 'രക്തസാക്ഷ്യം–മഹാത്മാ സംഗമം' വെങ്ങാന്നൂരിൽ ഉദ്ഘാടനംചെയ്യുകയായിരുന്നു സ്പീക്കർ.

സ്ത്രീസമത്വവും സ്ത്രീകളുടെ അവകാശങ്ങളും അംഗീകരിക്കുന്നവർ ഭരണഘടനാനുസൃതമായുണ്ടാകുന്ന കോടതിവിധികളെയും മാനിക്കണം . ഇക്കാര്യം സൗകര്യപൂർവം വിസ്മരിക്കുന്നതുകൊണ്ടാണ് പല വിവാദങ്ങളും നമുക്കിടയിലുണ്ടാകുന്നതെന്നും അദ്ദേഹം പറഞ്ഞു.

കോടതി ഇടപെടലിന്റെയും ഭരണകൂടത്തിന്റെയും ഭരണാധികാരികളുടെയും ഉറച്ച നിലപാടുകളുടെയും പിൻബലത്തിൽ മാത്രമേ പല അനാചാരങ്ങളെയും സമൂഹത്തിൽനിന്ന് മാറ്റാൻ കഴിഞ്ഞിട്ടുള്ളൂ. ക്ഷേത്രപ്രവേശനം അവർണരെന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്ന ഹിന്ദുക്കൾക്ക് ഹിന്ദു സമൂഹത്തിനുള്ളിലേക്കുള്ള പ്രവേശനംകൂടിയാണ് സാധ്യമാക്കിയത്.




രക്തസാക്ഷ്യം-മഹാത്മാ സംഗമം പരിപാടി സ്പീക്കർ പി ശ്രീരാമകൃഷ്ണൻ ഉദ്ഘാടനംചെയ്യുന്നു

മഹാത്മജിയുടെ 71–ാം രക്തസാക്ഷിത്വ വാർഷികവും 150–ാം ജന്മവാർഷികവും സംസ്ഥാന സർക്കാർ ആചരിക്കുന്നതിന്റെ ഭാഗമായാണ് മൂന്നുദിവസം നീണ്ടുനിൽക്കുന്ന പരിപാടികൾ സംഘടിപ്പിച്ചിരിക്കുന്നത്. വിളംബര ഘോഷയാത്രയോടെ ആരംഭിച്ച പരിപാടിയുടെ ഭാഗമായി വിവിധ മത്സരങ്ങൾ, സെമിനാറുകൾ, പിആർഡി സംഘടിപ്പിക്കുന്ന നവോത്ഥാന ഫോട്ടോ പ്രദർശനം, പുരാവസ്തു പുരാരേഖ പ്രദർശനം, പുസ്തകമേള തുടങ്ങി നിരവധി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

എം വിൻസന്റ് എംഎൽഎ അധ്യക്ഷനായി. ഐ ബി സതീഷ് എംഎൽഎ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ വി കാർത്തികേയൻനായർ, കവി വിനോദ് വൈശാഖി, ടി ആർ സദാശിവൻ നായർ എന്നിവർ സംസാരിച്ചു. ബുധനാഴ്ച വൈകിട്ട് ആറിന് നടക്കുന്ന സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രി എ കെ ബാലൻ, പുന്നല ശ്രീകുമാർ തുടങ്ങിയവർ പരിപാടിയിൽ സംബന്ധിക്കും.